LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിലെ ആയുർവേദ കോളേജുകളിൽ ആക്സിലിയറി നഴ്സ്/മിഡ്വൈഫ് തസ്തികയിലേക്കുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ്

122 [845] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ആയുർവേദ കോളേജുകളിൽ ആക്സിലിയറി നഴ്സ്/മിഡ്വൈഫ് തസ്തികയിലേക്ക് പി. എസ്. സി. തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചു;

(ബി) ഈ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ ഒഴിവുകൾ ഉണ്ടോ;

(സി) എങ്കിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ തസ്തികയിൽ ഈ ജില്ലയിൽ ദിവസക്കൂലി/എംപ്ലോയ്മെന്റ് നിയമന പ്രകാരം എത്ര പേർ ജോലി ചെയ്യുന്നു;

(ഇ) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് പി.എസ്.സി. ലിസ്റ്റിലുള്ളവരിൽനിന്നും നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) ഈ റാങ്ക് ലിസ്റ്റിൽനിന്നും ആരെയും നിയമിച്ചിട്ടില്ല. ഒരു തസ്തികയിൽ വന്ന ഒഴിവ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തപ്പോൾ ഒരാളെ അഡ്വൈസ് ചെയ്തിട്ടുണ്ട്. പോസ്റ്റിംഗ് ഓർഡർ കൊടുത്തിട്ടും ടിയാൾ ജോയിൻ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത ഒഴിവ് വീണ്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. ഒരാൾ ജോലി ചെയ്യുന്നു.

(ഇ) ഒഴിവ് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

ആലപ്പുഴയിലെ പഞ്ചകർമ്മ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം

123 [846] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ പഞ്ചകർമ്മ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ചും ആശുപത്രിയുടെ വികസനം സംബന്ധിച്ചും ആരോഗ്യ വകുപ്പുമന്ത്രി യോഗം വിളിച്ചിരുന്നുവോ; എങ്കിൽ അത് എന്നായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നുവോ; ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് ആരോഗ്യവകുപ്പുമന്ത്രി 25-6-2003-ൽ യോഗം വിളിച്ചിരുന്നു.

(ബി) പഞ്ചകർമ്മ ആശുപത്രിയുടെ വികസനത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടറെ ചുമതലപ്പെടുത്തുവാൻ നിർദ്ദേശിച്ചു.

(സി) ഇപ്പോൾ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ആലപ്പുഴ പടിഞ്ഞാറ് വില്ലേജിൽ സർവ്വെ നമ്പർ 492/13 എ-യിൽപ്പെട്ട 49 സെന്റ് സ്ഥലം പഞ്ചകർമ്മ ആശുപത്രിക്കുവേണ്ടി മുനിസിപ്പാലിറ്റിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

ഭൂമിയുടെ തറവില സംബന്ധിച്ച പരാതികൾ

124 [847] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ പ്രഖ്യാപിച്ച തറവില അനുസരിച്ചാണോ ഭൂമിയുടെ ക്രയവിക്രയ നടപടികൾ നടന്നുവരുന്നത്;

(ബി) ഇപ്പോൾ നിശ്ചയിച്ച തറവിലയിലെ അപാകതകൾ സംബന്ധിച്ച പരാതികൾ കേൾക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉദ്യോഗസ്ഥൻ ആരെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച ന്യായവില അനുസരിച്ചാണ് ഭൂമിയുടെ ക്രയവിക്രയ നടപടികൾ നടന്നുവരുന്നത്.

(ബി) ഉണ്ട്. ന്യായവിലയിലെ ആക്ഷേപങ്ങൾ സംബന്ധിച്ച അപ്പീൽ കേൾക്കുന്നതിനുള്ള അധികാരി ബന്ധപ്പെട്ട ജില്ലാ കളക്ടറാണ്.

ഇഷ്ടദാന ഉടമ്പടികൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

125 [848] ശ്രീ. പി. ജെ. ജോയി:
" ടി. എൻ. പ്രതാപൻ:
" ബി. വിജയകുമാർ:
" ജോർജ് ജെ. മാത്യു:
" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില വാങ്ങാതെ വസ്തു കൈമാറ്റം ചെയ്യുന്ന ഇഷ്ടദാനം, ഭാഗപത്രം പോലുള്ള ഇടപാടുകളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly